പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

24.02.2021

## ഐ.ടി കമ്പനികൾ മുലയൂട്ടുന്ന അമ്മമാരെ നിർബന്ധിച്ച് വിദേശത്തയയ്ക്കരുതെന്ന് ബാലാവകാശ കമ്മീഷൻ

മുലയൂട്ടുന്ന അമ്മമാരായ ഐ.ടി കമ്പനി ഉദ്യോഗസ്ഥരെ നിർബന്ധപൂർവം വിദേശത്ത് ഓൺസൈറ്റ് ജോലിക്ക് അയയ്ക്കാൻ പാടില്ലെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. ഏതെങ്കിലും കാരണവശാൽ ജീവനക്കാരികൾ സ്വമേധയാ വിദേശത്ത് ഓൺസൈറ്റ് ജോലികൾക്ക് പോകാൻ തയാറാകുന്ന പക്ഷം കുട്ടിയുടെ സംരക്ഷണവും ശ്രദ്ധയും ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിച്ചതായി അവരിൽ നിന്ന് കമ്പനികൾ രേഖാമൂലം എഴുതി വാങ്ങിയിരിക്കണം. ഈ വിവരം ജീവനക്കാരിയുടെ സർവീസ് ഫയലിൽ കമ്പനികൾ സൂക്ഷിക്കുകയും ചെയ്യണം. ടെക്നോപാർക്ക് കാമ്പസ്, കൊച്ചി ഇൻഫോ പാർക്ക് എന്നിവയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് ഐ.ടി സെക്രട്ടറി സർക്കുലർ മുഖാന്തിരം ഉത്തരവ് നൽകേണ്ടതാണ്. ഈ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന കമ്പനികൾക്കെതിരേ അന്വേഷണം നടത്തി നിയമനടപടി സ്വീകരിക്കണമെന്നും കമ്മീഷൻ അംഗം ഫാ. ഫിലിപ്പ് പരക്കാട്ട് ഉത്തരവായി.

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിദേശ സൈറ്റുകളിൽ തൊഴിൽ ചെയ്യുന്നതിന് ജീവനക്കാരി നിർബന്ധിതയാകുകയാണെങ്കിൽ കമ്പനി അധികൃതർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണെന്ന് കമ്മീഷൻ നിർദേശിച്ചു. അതേ സമയം, അഞ്ച് വയസ്സിനുതാഴെയുള്ള കുട്ടികളുടെ ഐ.ടി മേഖലയിൽ ജോലി ചെയ്യുന്ന അമ്മമാർ വിദേശത്ത് ജോലിക്ക് പോകാൻ പാടില്ലെന്നോ കമ്പനി അവർക്ക് അവസരം നൽകേണ്ടതില്ലെന്നോ പൊതു നിയമം ഉണ്ടാക്കുന്നതിനോട് നിലവിലെ സാഹചര്യത്തിൽ കമ്മീഷൻ യോജിക്കുന്നില്ല. എന്നിരുന്നാലും മുലയൂട്ടപ്പെടുന്ന കുഞ്ഞുങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ അമ്മമാരായ ഐ.ടി കമ്പനി ജീവനക്കാർ ശ്രദ്ധരായിരിക്കേണ്ടതാണ്.

തിരുവനന്തപുരം ടെക്നോപാർക്കിലും കൊച്ചി ഇൻഫോ പാർക്കിലുമുള്ള ഐ.ടി കമ്പനികൾ ചെറിയ കുട്ടികളുടെ അമ്മമാരെ വിദേശത്ത് ഓൺ സൈറ്റ് ജോലികൾക്കായി

അയയ്ക്കാറുണ്ടെന്നും അതിലൂടെ കുട്ടികൾക്ക് അമ്മമാരിൽ നിന്ന് ലഭിക്കേണ്ട പരിചരണം നഷ്ടമാക്കുന്നുവെന്നും കാട്ടി ബി. ശ്രീകുമാർ നൽകിയ പരാതി തീർപ്പാക്കിയാണ് കമ്മീഷൻ സുപ്രധാന ഉത്തരവ് പുറപ്പെടുവിച്ചത്. അടുത്ത നാളിൽ വളരെ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ അഡ്മിറ്റായ കുട്ടിയെ കാണുന്നതിനായി ആശുപത്രിയിൽ എത്തിയ ഒരു അമ്മ വൈകാതെ വിദേശത്തുള്ള ജോലിസ്ഥലത്തേയ്ക്ക് തിരിച്ചുപോകേണ്ടി വന്നിരുന്നു. ആ നടപടിയെ മഹത്വവൽക്കരിക്കുന്ന രീതിയിലാണ് സഹപ്രവർത്തകർ പ്രതികരിച്ചതെന്നും ചില ഐ.ടി സ്ഥാപനങ്ങൾ മാനുഷികതയും മൂല്യങ്ങളും നഷ്ടപ്പെട്ട രീതിയിലാണ് പ്രവർത്തി ക്കുന്നതെന്നും ഹർജിയിൽ ആരോപിച്ചിരുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ

നമ്പർ 5467/01-ഇ/ഇ1/2020, 15.02.2021